## ക ത്തു ക ൾ

# ധൂർത്തിന്റെ മഹാമേളകൾ


**ഈയിടെ** കോഴിക്കോട് നഗര പ്രാന്തത്തിൽ നടന്ന സംഭവം. ഒരു മുസ്‌ലിം വിവാഹം പൊടിപൊടിക്കുകയാണ്. വരൻ എത്താറായി. വധൂഗൃഹം അവരെ എതിരേൽക്കാൻ ഒരുങ്ങുന്നു. സാധാരണ നിലക്ക് അൽപം സർപ്രൈസൊക്കെ പ്രതീക്ഷിച്ചു നിന്നവരെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരു ചെണ്ടപ്പടയാണ് ആദ്യം പ്രത്യക്ഷപ്പെട്ടത്. തുടർന്ന് ബാന്റ് മേളം. അവസാനം വരൻ പ്രത്യക്ഷപ്പെടുകയായി. പുതുമക്ക് വേണ്ടി മാന്യദേഹം വാടകക്കെടുത്തത്, ഒരു ജെ.സി.ബിയായിരുന്നു! അതിന്റെ നീണ്ടുനിവർന്ന തുമ്പിക്കൈയിൽ സിനിമാ നടൻ ജയന്റെ കോലത്തിൽ! ഒരൽപം കടന്നകൈയായി അതെന്ന് പ്രതിഷേധിച്ച് വിവാഹത്തിന് വന്ന പലരും ഭക്ഷണം കഴിക്കാതെ തിരിച്ചുപോയി.

ഈയിടെയായി തലശ്ശേരി, മാഹി, കണ്ണൂർ, കോഴിക്കോട് പ്രദേശങ്ങളിൽ അരങ്ങേറുന്ന മുസ്‌ലിം വിവാഹത്തിന്റെ സാമ്പിളാണിത്. പൂത്ത പണക്കാരും പുത്തൻ പണക്കാരും പണമൊഴുക്കി പെരുമ നടിക്കുന്നു. സർപ്രൈസിനും പുതുമക്കും വേണ്ടി എന്തു തോന്ന്യാസവും കാണിക്കാൻ മടിക്കാത്ത പുതിയാപ്ലമാരും പെരുകുന്നു. ധൂർത്തിന്റെ മഹാമേളകളാണ് മിക്ക വിവാഹങ്ങളും. രണ്ടാഴ്ച മുമ്പ് തലശ്ശേരിയിൽ നടന്ന ഒരു കല്യാണത്തിന്റെ പന്തലിന് മാത്രം ചെലവായത് 45-50 ലക്ഷം രൂപ. മൂന്നു ദിവസം നീണ്ട ഈ പൊങ്ങച്ചമാമാങ്കത്തിലെ പ്രധാന ഭക്ഷണത്തിന് വിളമ്പിയത് 20 ഇനങ്ങളാണത്രെ! ഒട്ടക ബിരിയാണി വിതരണവും അലീസപ്ലേറ്റിൽ ഇന്നോവ കാറുകളുടെ താക്കോൽ പൂഴ്ത്തിവെച്ച സർപ്രൈസുമൊക്കെ ഇനിയും മറക്കാൻ സമയമായിട്ടില്ലല്ലോ? പുരാതന രാജാക്കന്മാരെപ്പോലെ കുതിരവണ്ടിയിലും നവരാഷ്ട്രീയക്കാരെപ്പോലെ തുറന്ന ജീപ്പിലുമൊക്കെയാണ് ഇക്കാലത്ത് പുതിയാപ്ലമാരുടെ സവാരി. തലശ്ശേരിയിലെ ഗോപാലപ്പെട്ട എന്ന സ്ഥലത്ത് കഴിഞ്ഞ വർഷം 35,000 രൂപക്ക് വാടകക്കെടുത്ത ആനയുടെ പുറത്താണത്രെ പുതുമാരൻ യാത്രയായത്! ചിലയിടങ്ങളിൽ വരൻ വരുമ്പോൾ തൃശൂർ പൂരത്തെ വെല്ലുന്ന വെടിക്കെട്ടുകളും അരങ്ങേറുന്നു!

കല്യാണദിവസത്തെ ധൂർത്ത് ഇങ്ങനെയാണെങ്കിൽ, അതിനു മുമ്പെ തുടങ്ങുന്ന മറ്റൊരു ധാരാളിത്തമാണ് കണ്ണൂർ ഭാഗങ്ങളിൽ പുതിയാപ്ലമാർക്ക് വേണ്ടിയൊരുക്കുന്ന അറകൾ. മണിയറ ഇപ്പോൾ പൂർണമായും മണി ഏരിയ(money area)യായി മാറിയിട്ടുണ്ട്. ചിലയിടങ്ങളിൽ, മണി വീട് എന്ന പേരായിരിക്കും ഇതിന് കൂടുതൽ യോജിക്കുക. വീടിനകത്ത് ഒരു മുറി എന്ന ആശയത്തിൽനിന്ന് പലതരം മുറികളായി തിരിച്ചാണ് പണം എന്തുചെയ്യണമെന്ന് തിട്ടമില്ലാത്തവർ ഇപ്പോൾ മണിയറ ഒരുക്കുന്നത്. കിടക്കയും സൈഡ് ടേബിളും ഇടാൻ ഒരു മുറി, ഷോകേസുകൾക്കും വസ്ത്ര അലമാരകൾക്കും മറ്റൊന്ന്. ദമ്പതികൾക്ക് അണിഞ്ഞൊരുങ്ങാൻ നാല് ഭാഗങ്ങളിലും കണ്ണാടികൾ ഫിറ്റ് ചെയ്ത വേറൊന്ന്. ടി.വി, കമ്പ്യൂട്ടർ എന്നിവക്കായി അറേഞ്ച്മെന്റ് വേറെ. ഖാറൂനെങ്ങാനും തിരിച്ചുവന്ന് തന്റെ 21-ാം നൂറ്റാണ്ടിലെ ഈ അനുചരന്മാരുടെ പത്രാസ് ഒന്ന് കണ്ടിരുന്നെങ്കിൽ തലകറങ്ങിയേനെ.

പുതിയാപ്ലക്ക് സ്നേഹത്തോടെ കൊടുക്കുന്ന സമ്മാനങ്ങളിലുമുണ്ട് ധാരാളിത്തത്തിന്റെ എല്ലാ പ്രകടനങ്ങളും. തന്റെ മകളെ കല്യാണം കഴിക്കുന്നു എന്ന 'ത്യാഗം' അനുഷ്ഠിക്കുന്ന വരന് എന്തു കൊടുത്താലും മതിയാകില്ലെന്ന കാഴ്ചപ്പാടാണ് പല രക്ഷിതാക്കൾക്കും. അന്നു മുതൽ കൊടുക്കുന്ന വില കൂടിയ വാച്ചുകൾ, കാറുകൾ.... ഇനി ജീവിതകാലം മുഴുവൻ പെൻഷൻ എന്ന നിലക്ക് പ്രതിമാസം ഒരു പതിനായിരമോ ഇരുപതിനായിരമോ രൂപ വീതം കൊടുക്കുന്ന ഏർപ്പാട് കൂടി ആരെങ്കിലും കണ്ടുപിടിച്ചാൽ പുതിയാപ്ലമാർ രക്ഷപ്പെട്ടു!

പുതിയാപ്ലയോടൊപ്പം ചങ്ങാതിമാർ എന്ന പേരിൽ വലിഞ്ഞുകയറി വരുന്ന ഒരു കൂട്ടം കോമാളികളെയാണ് തീരെ സഹിക്കാൻ പറ്റാത്തത്. കഴിഞ്ഞ വർഷം തലശ്ശേരിയിൽ ചിറക്കര എന്ന സ്ഥലത്ത് ഇവർ ആർത്തുല്ലസിച്ച് ചെണ്ടവാദ്യങ്ങളുമായി പെൺവീട്ടിലേക്ക് പ്രവേശിക്കാൻ തുനിഞ്ഞപ്പോൾ വീട്ടിലെ കാരണവർ തടഞ്ഞു. വീട്ടുമുറ്റത്ത് എന്തുവേണമെങ്കിലും കാണിച്ചോളൂ, വീടിനകത്തേക്ക് കയററുതെന്ന് അദ്ദേഹം അവരോട് മാന്യമായി പറഞ്ഞു. എന്നാൽ കലികയറിയ ആ കോമാളിക്കൂട്ടം ആ വൃദ്ധനെ തള്ളിത്താഴെയിട്ട് അകത്ത് കയറി. എന്നിട്ട്




# ആമിനാ വദൂദ് കൂടുതൽ വെളിച്ചത്തിന് ശ്രമിക്കുന്നു

**ആമിനാ** വദൂദിന്റെ 'ഖുർആൻ ഒരു പെൺവായന' എന്ന ഗ്രന്ഥത്തെ അധികരിച്ച് നിരവധി വിലയിരുത്തലുകൾ *പ്രബോധന*ത്തിൽ കാണുകയുണ്ടായി. ഇവയിൽ അധികവും വസ്തുതകളെ അപഗ്രഥിക്കുന്നതിനു പകരം ആൺപെൺ ലിംഗനീതിയുടെ വർത്തമാനം പറഞ്ഞുപോവുകയാണ്.

ഖുർആൻ പലരും സ്വന്തം വീക്ഷണകോണിലൂടെ വിലയിരുത്തിയിട്ടുണ്ട്. അതിനുള്ള സ്വാതന്ത്ര്യം നാം അവർക്ക് വകവെച്ചുകൊടുക്കുക. ദീനിൽ നിർബന്ധമില്ലെന്ന തത്ത്വം ഇവിടെയും ബാധകമാണ്. വേദഗ്രന്ഥത്തിന്റെ ഇത്തരം വ്യാഖ്യാനങ്ങൾ നിരവധിയാളുകളെ സൽപാന്ഥാവിലേക്ക് വഴികാട്ടിയിട്ടുണ്ട്. ആമിനാ വദൂദ് തന്റെ പഠനത്തിലൂടെ കൂടുതൽ വെളിച്ചത്തിന് ശ്രമിക്കുന്നു എന്ന് കരുതിക്കൂടേ?

എല്ലാ മഹാന്മാർക്കും ഉമറാകാനോ എല്ലാ മഹിളകൾക്കും ആഇശയാകാനോ കഴിയില്ല. കാലുള്ളവനും അതില്ലാത്തവനും ഒരേപോലെ ഓടാൻ കഴിയാത്തുപോലെ. ബേനസീർ, ഖാലിദസിയ, റസിയ സുൽത്താന, അറയ്ക്കൽ രാജ വംശത്തിലെ പഴയ രാജ്ഞിമാർ തുടങ്ങിയവർ അവരുടെ സാഹചര്യത്തിൽ ഭരണപരമായ നേതൃത്വം നൽകിയവരാണ്. ഇസ്‌ലാമിക ലിംഗനീതിയനുസരിച്ച് അവർക്കതിനധികാരമില്ല എന്ന് ചിന്തിക്കുന്നതിനു പകരം ഇസ്‌ലാമിലെ സാമൂഹിക നീതിനിർവഹണം അവരിലൂടെ നിർവഹിക്കപ്പെട്ടിരുന്നെങ്കിൽ എന്ന് ചിന്തിക്കുന്നതും പ്രാർഥിക്കുന്നതുമല്ലേ കൂടുതൽ യുക്തിപൂർവമായിട്ടുള്ളത്?

**നാജിദാ ബാനു ആദി രാജ, കണ്ണൂർ**

തങ്ങൾ പ്രത്യേകം സഞ്ചികളിലാക്കിക്കൊണ്ടുവന്ന സമ്മാനം, അരഡസൻ പൂച്ചക്കുഞ്ഞുങ്ങളെ, പുതിയാപ്ലയുടെ അറയിൽ കട്ടിലിനടിയിലും കർട്ടൻ റാക്കിന് മുകളിലും സോഫക്കടിയിലും അലമാരയിലുമൊക്കെ നിക്ഷേപിച്ച് തിരിച്ചുപോയി. ഇതിനെയൊക്കെ തമാശയെന്ന് വിളിക്കണോ?

ചില സ്ഥലങ്ങളിലെങ്കിലും പുതിയാപ്ലയോടൊപ്പം വന്ന ഇത്തരം അലവലാതിക്കൂട്ടങ്ങളെ നാട്ടുകാർ കൈകാര്യം ചെയ്ത അനുഭവങ്ങളുമുണ്ട്. ഇവരുടെ ചെയ്തികളിൽ സഹികെട്ട നാട്ടുകാർ ഇവർ വന്ന കാറുകളുടെ ടയറുകൾ കുത്തിക്കീറുകയും വാഹനം മുഴുവൻ ടാർ കൊണ്ടഭിഷേകം നടത്തുകയും ചെയ്തു. അത്രയും നല്ലത്!

ഇസ്‌ലാമിലെ പരിപാവനമായ ഒരു കർമത്തെ ഏതെല്ലാം തോന്ന്യാസത്തിനാണ് ഇക്കൂട്ടർ വളമാക്കുന്നതെന്ന് നോക്കണം. വിവാഹം എന്നാൽ ദീനിന്റെ മൂന്നിൽ രണ്ടു ഭാഗം പൂർത്തിയാക്കുന്ന മഹത്തായ ഒരു സന്ദർഭമാണ്. അത് ധൂർത്തിനും പൊങ്ങച്ചത്തിനും തെമ്മാടിത്തത്തിനുമുള്ള വേളയാക്കുന്നവർ മാപ്പർഹിക്കാത്ത പാതകമാണ് ചെയ്യുന്നത്. പ്രായമായ പെൺകുട്ടികളെ വിവാഹം കഴിച്ചയക്കാൻ വഴികാണാതെ വിഷമിക്കുന്ന ഒരുപാട് രക്ഷിതാക്കളുടെ സങ്കടക്കടലിന് നടുവിൽ നിന്നാണ് ഇക്കൂട്ടരുടെ ധൂർത്തിന്റെ ഏമ്പക്കം കേൾക്കുന്നത്.

**താജുദ്ദീൻ വി അലിയാർ**

## ചുരുക്കെഴുത്ത്

**ടി.കെ.എം ഇഖ്ബാലിന്റെ** 'യുഗപരിവർത്തനങ്ങളുടെ ചരിത്രഭൂമിയിലൂടെ' (ലക്കം 19,20) വേറിട്ട യാത്രാനുഭവമായി തോന്നി. ഒരു തീർഥാടകന്റെ ആത്മനിർവൃതിയിൽ ചാലിച്ച അനുഭവങ്ങൾ പകർത്തിയതാണെങ്കിലും, അത് വായിക്കുന്നവന്റെ ആത്മനിർവൃതിയായി മാറുന്നു. 'മലനിരകളുടെ മടിയിൽ തല ചായ്ച്ചുള്ള മക്കയുടെ അസാധാരണമായ ആ കിടപ്പ്, പാറകൾക്കിടയിലൂടെ തെളിയുന്ന മസ്ജിദുൽ ഹറമിന്റെ ധാവള്യം, ഈ ദൃശ്യങ്ങളെങ്കിലും തീർഥാടകന് നഷ്ടമാവാതിരിക്കട്ടെ' ഇത് വായിക്കുമ്പോൾ ആരുടെ മനസ്സാണ് കോരിത്തരിക്കാതിരിക്കുക! ആറര പേജ് വായിച്ചുതീർക്കുമ്പോഴേക്ക് ആ രണ്ട് പുണ്യനഗരിയും കണ്ണ് കൊണ്ട് കണ്ട നിർവൃതി പകർന്നുതരാൻ യാത്രാ വിവരണത്തിന് കഴിഞ്ഞിട്ടുണ്ട്.

**അബൂ ശക്കീൽ മസ്‌കത്ത്**

# എഴുതാപുറം വായിക്കുന്നവർ

**'ഖുർആൻ** ഒരു നിഷ്പക്ഷ വായന' എന്ന ശീർഷകത്തിൽ ഞാനെഴുതിയ ലേഖനത്തെ (ലക്കം 15) അനുകൂലിച്ചും പ്രതികൂലിച്ചും ഒട്ടേറെ വായനക്കാർ പ്രതികരിച്ചു കാണുന്നതിൽ അനൽപമായ സന്തോഷമുണ്ട്.

അതിൽ ചിലരെങ്കിലും എന്നെ ഒരു സ്ത്രീ വിദ്വേഷിയായോ സ്ത്രീ വിരുദ്ധനായോ ആൺ വായനക്കാരനായോ ഒക്കെ ചിത്രീകരിച്ചുകണ്ടു. പ്രതികരണമെഴുതിയ ഒരു മാന്യ സഹോദരി ബൈബിൾ ഉദ്ധരണിയിൽ രോഷാകുലയായി കർത്താവിനെ ആദ്യത്തെ ഭിഷഗ്വരനായി ചിത്രീകരിക്കുന്നതും കണ്ടു. വാരിയെല്ലിൽ നിന്നാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന് സമർഥിക്കാൻ മാത്രമാണ് ബൈബിൾ വാക്യങ്ങളുദ്ധരിച്ചത്. അപ്പോൾ വാക്യങ്ങൾ മുഴുവനായും എടുത്തെഴുതേണ്ടിവന്നു. അല്ലാതെ പുരുഷന്റെ വാരിയെല്ല് കർത്താവ് ശസ്ത്രക്രിയയിലൂടെ വലിച്ചൂരിയെടുത്ത് പെണ്ണിന്റെ സൃഷ്ടി നടത്തിയെന്ന് ഉദ്ദേശിച്ചിട്ടില്ല.

മാന്യ സഹോദരിയുടെ അറിവിലേക്കായി *സ്വഹീഹ് ബുഖാരി*യിലെ ഒരു പ്രവാചക വചനം താഴെ ചേർക്കുന്നു:

"അബൂഹുറയ്റ പറയുന്നു: നബി(സ) അരുളി: വല്ലവനും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ അയൽവാസിയെ ഉപദ്രവിക്കാതിരിക്കട്ടെ. സ്ത്രീകളുമായി നല്ല നിലയിൽ വർത്തിക്കുക. വാരിയെല്ലുകൊണ്ടാണ് അവരെ സൃഷ്ടിച്ചിട്ടുള്ളത്. വാരിയെല്ലുകളിൽ ഏറ്റവും വളഞ്ഞത് ഏറ്റവും മുകളിലുള്ളതാണ്, നീ അതിന്റെ വളവ് തീർക്കാൻ ശ്രമിക്കുന്ന പക്ഷം അത് പൊട്ടുകയായിരിക്കും ഫലം. അതിന്റെ വഴിക്ക് വിടുകയാണെങ്കിലോ അത് വളഞ്ഞു തന്നെ ഇരിക്കുകയും ചെയ്യും. അതുകൊണ്ട് സ്ത്രീകളുമായി നിങ്ങൾ നല്ലനിലയിൽ വർത്തിക്കുക."

ഈ പ്രവാചക വചനത്തെകുറിച്ച് സഹോദരി എന്തു പറയുന്നു? അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് ആണിന്റെ രൂപവും ഉള്ളടക്കവും നൽകിക്കൊണ്ടാണ് എന്ന് ലേഖനത്തിലെവിടെയും പറഞ്ഞിട്ടില്ല.

'ഖവ്വാമൂൻ' എന്ന വാക്കിന്റെ അർഥം അറിയാതെ പോയ ആദ്യത്തെ ആളല്ല പ്രതികരണക്കാരൻ എന്നാണ് മറ്റൊരു വിശേഷണം. മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ഒട്ടേറെ ഖുർആൻ പരിഭാഷകൾ എന്റെ ശേഖരത്തിലുണ്ട്. ഓരോന്നും കൊടുത്തിരിക്കുന്ന അർഥം വ്യാഖ്യാനസഹിതം എടുത്തു ചേർക്കുക പ്രയാസമാണ്. ഏതാനും അർഥം താഴെ കൊടുക്കുന്നു.

1. കാര്യങ്ങൾ കൊണ്ടുനടത്തുന്നവർ (മൗലാനാ മൗദൂദി), 2. കാര്യം നടത്തിപ്പുകാർ (അമാനി മൗലവി), 3. നിയന്ത്രണാധികാരമുള്ളവർ (സി.എൻ അഹ്മദ് മൗലവി), 4. മേലധികാരികൾ (പ്രഫ. വി. മുഹമ്മദ്), 5. നിയന്ത്രണാധികാരമുള്ളവർ (ചെറിയമുണ്ടം), 6. രക്ഷാധികാരമുള്ളവർ (സയ്യിദ് ഖുത്വ്ബ്), 7. Protectors and Mainteners (Yusuf Ali), 8. In Charge (Pikthall), 9. Superior to (John Penrice), 10. Custodian or Keeper (J.M. Cowan), 11. Authority (Darul Chaura Beirut).

ബഷീർ ഉളിയിൽ വളരെ വിശദമായി ഉപന്യസിച്ചിരിക്കുന്നു. ജമൽ യുദ്ധത്തെക്കുറിച്ച് അദ്ദേഹം പരാമർശിക്കുന്നു. മുസ്‌ലിംകളിൽ രണ്ടു വിഭാഗങ്ങൾ തമ്മിൽ നടന്ന യുദ്ധം. രണ്ടു പക്ഷത്തുനിന്നും പതിനായിരം പേരാണ് യുദ്ധത്തിൽ കൊല്ലപ്പെട്ടത്. ഇങ്ങനെ ഒരു യുദ്ധം ഉണ്ടായി എന്നതിൽ ആഇശ പിന്നീട് ഖേദം പ്രകടിപ്പിച്ചിട്ടുണ്ടെന്നാണ് വസ്തുത. മൗലാനാ മൗദൂദി 'ഖിലാഫത്തും രാജവാഴ്ചയും' എന്ന പുസ്തകത്തിൽ ഇത് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ബഷീറിന്റെ പരാമർശത്തിന് ഇതിൽ മറുപടിയുണ്ട്.

സകല വിശ്വാസികൾക്കും മാതൃകയായി ഖുർആൻ ഉയർത്തിക്കാട്ടുന്നത് രണ്ട് സ്ത്രീകളെയാണെന്ന് ബഷീർ പറയുമ്പോൾ, അതേ അധ്യായത്തിൽ അതിനു മുകളിലുള്ള സൂക്തം അദ്ദേഹം കാണാതെ പോവുന്നത് എന്തുകൊണ്ട്? അവിശ്വാസികൾക്ക് മാതൃകയായി ഖുർആൻ അവതരിപ്പിക്കുന്നതും രണ്ടു സ്ത്രീകളെ തന്നെയാണ്.

ബൈബിൾ വാക്യങ്ങൾ അവലംബമാക്കുന്നത് തെറ്റാണെന്ന് ഈ ലേഖകന് അഭിപ്രായമില്ല. മൗദൂദി സാഹിബ് തന്നെ *തഫ്ഹീമുൽ ഖുർആനിൽ* ധാരാളമായി ബൈബിൾ വിവരങ്ങൾ എടുത്തു ചേർത്തിട്ടുണ്ട്. വേദഗ്രന്ഥങ്ങളിൽ മനുഷ്യന്റെ കൈകടത്തലുകൾ നടന്നിട്ടുണ്ടെന്ന് സമ്മതിക്കുന്നതോടൊപ്പം ഖുർആനുമായി യോജിച്ചു പോവുന്ന ഒരുപാട് വാക്യങ്ങൾ അതിൽ ഒളിഞ്ഞുകിടപ്പുണ്ടെന്ന സത്യം കാണാതിരിക്കുന്നതെന്തിന്? തള്ളാവുന്നത് തള്ളാം, കൊള്ളാവുന്നത് കൊള്ളാം.

**എസ്.എം മുഹമ്മദ് കോയ**
**തിരുവണ്ണൂർ, കോഴിക്കോട്**